(ഡി) എല്ലാ സ്റ്റേഷനുകളിലും ജോലി സമയം 8 മണിക്കൂറാക്കുന്നതിന് വേണ്ടി വരുന്ന അധിക തസ്തികകൾ കണക്കാക്കിയശേഷവും ടി സമ്പ്രദായം നടപ്പാക്കിയ സ്റ്റേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയതിനുശേഷവും അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥർക്ക് പി.ടി.എ നൽകിയിട്ടില്ലെന്ന കാര്യം

124 (1059) ശ്രീ. ബി.വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് 2000 മാർച്ച് മാസത്തിൽ അർഹതപ്പെട്ട പി.ടി.എ. ഇതേവരെ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അർഹതപ്പെട്ട പി.ടി.എ. എത്രയും പെട്ടെന്ന് സിറ്റിയിലെ എല്ലാ വിഭാഗം ജീവനക്കാർക്കും അനുവദിച്ച് നൽകാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി. ടി. എ.. നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്.

ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ പ്രതിമാസ യാത്രാബത്ത

125 (1060) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ മാരുടെ 9/99 മുതലുള്ള പ്രതിമാസ യാത്രാബത്ത (ടി.എ/ഡി.എ) എത്ര ;

(ബി) ഓരോ ബറ്റാലിയനുകളിലും 9/99 മുതൽ എ.പി.എസ്.ഐ. മാർക്ക് കൊടുക്കുന്ന പ്രതിമാസ യാത്രാബത്ത് (ടി.എ/ഡി.എ) ബറ്റാലിയൻ തിരിച്ച് വ്യക്തമാക്കാമോ ;

(സി) എം. എസ്. പി. ബറ്റാലിയനിലെ എ.പി. എസ്. ഐ. മാർക്ക് മാത്രം പ്രതിമാസ യാത്രാബത്ത (ടി.എ/ഡി.എ) പകുതിമാത്രം കൊടുക്കുവാൻ നിയമമോ ഉത്തരവുകളോ ഉണ്ടോ ;

(ഡി) നിയമമോ ഉത്തരവുകളോ ഉണ്ടെങ്കിൽ ആയത് മാറ്റി എം.എസ്.പി. ബറ്റാലിയനിലെ എ.പി.എസ്.ഐ. മാർക്ക് 9/99 മുതൽ പുതുക്കിയ നിരക്കിലുള്ള പ്രതിമാസ യാത്രാബത്ത (ടി.എ/ഡി.എ) അനുവദിച്ചുകൊടുക്കാൻ നടപടി ഉണ്ടാകുമോ ;

(ഇ) എം. എസ്. പി. ബറ്റാലിയനിലെ എ. പി. എസ്. ഐ. മാർക്ക് മാത്രം പ്രതിമാസ യാത്രാ ബത്തയുടെ 50 ശതമാനം മാത്രം കൊടുക്കുന്നതിന് തീരുമാനിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മേൽ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കെ. എസ്. ആർ. ഉം ശമ്പള കമ്മീഷൻ ഉത്തരവുകളും ഗവൺമെന്റ് ഉത്തരവുകളും അനുസരിച്ചുള്ള പ്രതിമാസ യാത്രാബത്ത (ടി.എ/ ഡി.എ) 9/99 മുതൽ എം. എസ്. പി. ബറ്റാലിയനിലെ എ. പി. എസ്. ഐ. മാർക്ക് മുൻകാല പ്രാബല്യത്തോടുകൂടി കുടിശ്ശിക സഹിതം അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രതിമാസം പരമാവധി 800 രൂപ വരെ യാത്രാബത്ത നൽകാറുണ്ട്. ഡി. എ. 60 രൂപ.

(ബി) എല്ലാ ബറ്റാലിയനുകളിലും ഒരേ മാനദണ്ഡത്തിലാണ് ടി.എ/ ഡി.എ നൽകുന്നത്. ഡ്യൂട്ടിക്കായി ചെയ്ത യാത്രയുടെ അടിസ്ഥാനത്തിലാണ് ഓരോ ഉദ്യോഗസ്ഥരും പ്രസ്തുത തുക നൽകുന്നത് ;

(സി) എല്ലാ ബറ്റാലിയനുകളിലുള്ളവർക്കും ഒരേ മാനദണ്ഡം അനുസരിച്ചാണ് യാത്രാബത്ത (ടി.എ/ഡി.എ) നൽകുന്നത്. ഡിപ്പാർട്ടുമെന്റിൽ വാഹനം ഉപയോഗിച്ച് യാത്ര ചെയ്യുമ്പോൾ റ്റി.എ. യിൽ 50 ശതമാനം കുറവു വരുന്നതാണ്.

(ഡി & ഇ) മുകളിൽ 'സി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എല്ലാ ബറ്റാലിയനിലുള്ളവർക്കും ഒരേ മാനദണ്ഡമനുസരിച്ചാണ് യാത്രാബത്ത അനുവദിച്ച് നൽകി വരുന്നത്. എന്നാൽ ഒരിക്കൽ വാങ്ങിയ യാത്രപ്പടിക്ക് കുടിശ്ശിക നൽകാൻ ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

കേരളത്തിനു വെളിയിൽ പരിശീലനത്തിനയച്ച ഉദ്യോഗസ്ഥർ

126 (1061) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തിൽ ജയിൽ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരെ കേരളത്തിന് വെളിയിൽ പരിശീലനത്തിനു വേണ്ടിയോ പുതിയ കോഴ്സുകൾക്കു വേണ്ടിയോ അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേരു വിവരവും തസ്തികയും എവിടെ എന്തു ട്രെയിനിംഗിന് അഥവാ കോഴ്സിനാണ് അയച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ;

(സി) റിട്ടയർ ചെയ്യാൻ രണ്ടു വർഷമോ അതിൽ കുറവോ ഉള്ള ഉദ്യോഗസ്ഥരെ പരിശീലനങ്ങൾക്കും കോഴ്സിനും അയയ്ക്കേണ്ടതില്ല എന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ടോ ; പ്രസ്തുത നിർദ്ദേശം പാലിച്ചു കൊണ്ടാണോ പ്രസ്തുത ഉദ്യോഗസ്ഥരെ പരിശീലനത്തിന് അയച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly